Page 1 of 3

LIBRARY ARCHIVES Kerala Legislative Assembly

ഉപയോഗപ്പെടുത്തി വിതരണ മേഖല തരംതിരിച്ച് ജലവിതരണം നടത്തുക എന്നീ നടപടികളിലൂടെ പൈപ്പ്ലൈൻ ഇടയ്ക്കിടെ പൊട്ടുന്നത് ശാസ്ത്രീയമായി പരിഹരിക്കുവാൻ ശ്രമിക്കുന്നതാണ്. ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തിയാക്കിയ കുടിവെള്ള പദ്ധതികളുടെ തുടർനടത്തിപ്പ്, പരിപാലനം തുടങ്ങിയ പ്രവൃത്തികൾ അതാത് ഗുണഭോക്തൃ സമിതികൾ നേരിട്ടാണ് ചെയ്യുന്നത്. പൈപ്പ് ലൈനുകളിൽ ഉണ്ടാകുന്ന മെയിന്റനൻസ്, ലീക്കേജ് തുടങ്ങിയ പ്രശ്നങ്ങൾ സമിതികൾതന്നെ പരിഹരിക്കുകയാണ് ചെയ്യുന്നത്. ജലനിധി പദ്ധതികളിൽ പല കാരണങ്ങളാലും പ്രവർത്തനരഹിതമായതും ഭാഗികമായി പ്രവർത്തിക്കുന്നതുമായ പദ്ധതികൾ കേടുപാടുകൾ പരിഹരിച്ച് അവയെ പൂർണ്ണമായും പ്രവർത്തന സജ്ജമാക്കുന്നതിനുവേണ്ടി കേരള സർക്കാർ സാമൂഹിക കുടിവെള്ള വിതരണ പദ്ധതികളുടെ സുസ്ഥിരത ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് അംഗീകാരം നൽകിയിട്ടുണ്ട് (sustainability support to community managed water supply scheme). ഇതിൽപ്പെടുത്തി കേടുപാടുകൾ സംഭവിച്ച പൈപ്പുലൈനുകളും മറ്റുഘടകങ്ങളും മാറ്റി പദ്ധതി പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കുന്നുണ്ട്.

മഞ്ചേശ്വരം മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

214(2250) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ വകുപ്പിനുകീഴിലെ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിലവിൽ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നതും അടുത്തകാലത്ത് പൂർത്തീകരിച്ചതുമായ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദീകരിക്കാമോ?

(എ&ബി) ചീഫ് എഞ്ചിനീയർ ജലസേചനവും ഭരണവും കാര്യാലയത്തിന് കീഴിൽ മഞ്ചേശ്വരം മണ്ഡലത്തിലെ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ വകുപ്പിനുകീഴിലെ നിലവിൽ നടന്നുകൊണ്ടിരിക്കുന്നതും പൂർത്തീകരിച്ചതുമായ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 1*ആയി ചേർത്തിരിക്കുന്നു.

(സി) പ്രസ്തുത മണ്ഡലത്തിൽ നിലവിൽ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന കുടിവെള്ള പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കുമോ; ഭരണാനുമതി ലഭിച്ച കുടിവെള്ള പദ്ധതികൾ ഏതൊക്കെയാണ്?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

മഞ്ചേശ്വരം മണ്ഡലത്തിൽ നിലവിൽ ഭരണാനുമതി നൽകിയ എല്ലാ പദ്ധതികളും പുരോഗമിച്ചുവരുന്നു. ആയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. എസ്.ടി.ഡി.ഡി-എൻമകജെ പഞ്ചായത്തിലെ പാണ്ടിഗയ എസ്.ടി. കോളനി കുടിവെള്ള പദ്ധതി - ഭരണാനുമതി തുക 44.60 ലക്ഷം രൂപ.

2. ഡെപ്പോസിറ്റ് പ്രവൃത്തി-മംഗൽപാടി പഞ്ചായത്തിലെ ഒളയത്തിലേയ്ക്ക് പൈപ്പ് ലൈൻ നീട്ടി സ്ഥാപിക്കൽ - ഭരണാനുമതി തുക 12 ലക്ഷം രൂപ.

3. കെഡിപി-ഉപ്പള കുടിവെള്ള പദ്ധതി വിപുലീകരണം - ഭരണാനുമതി തുക 500 ലക്ഷം രൂപ.

4. സ്റ്റേറ്റ് പ്ലാൻ 2020-21 - വോർക്കാടി പഞ്ചായത്തിലെ വോർക്കാടി കുടിവെള്ള പദ്ധതി വിപുലീകരണം, ആനക്കല്ല് തടയണ അറ്റകുറ്റപ്പണി - ഭരണാനുമതി തുക 100 ലക്ഷം രൂപ.

5. സ്റ്റേറ്റ് പ്ലാൻ 2020-21 - വിവിധ പദ്ധതികളുടെ ശുദ്ധീകരണ ശാലകളിലേയ്ക്കുള്ള ലാബ് ഉപകരണങ്ങളുടെ വിതരണം - ഭരണാനുമതി തുക 6.20 ലക്ഷം രൂപ.

6. ജല ജീവൻ മിഷൻ- കുമ്പള ഗ്രാമപഞ്ചായത്ത് - 1986 ടാപ്പ് കണക്ഷനുകൾ നൽകുന്നതിന് 495 ലക്ഷം രൂപ ഭരണാനുമതി നൽകിയിട്ടുണ്ട്.

7. ജല ജീവൻ മിഷൻ - എൻമകജെ ഗ്രാമപഞ്ചായത്ത് - 3500 ടാപ്പ് കണക്ഷനുകൾ നൽകുന്നതിന് 960 ലക്ഷം രൂപ ഭരണാനുമതി നൽകിയിട്ടുണ്ട്.

8. ജല ജീവൻ മിഷൻ - മംഗൽപാടി ഗ്രാമപഞ്ചായത്ത് - 5240 ടാപ്പ് കണക്ഷനുകൾ നൽകുന്നതിന് 1,115 ലക്ഷം രൂപ ഭരണാനുമതി നൽകിയിട്ടുണ്ട്.

9. ജല ജീവൻ മിഷൻ - മഞ്ചേശ്വരം ഗ്രാമപഞ്ചായത്ത് - 4400 ടാപ്പ് കണക്ഷനുകൾ നൽകുന്നതിന് 1,090 ലക്ഷം രൂപ ഭരണാനുമതി നൽകിയിട്ടുണ്ട്.

10. ജല ജീവൻ മിഷൻ - വോർക്കാടി ഗ്രാമപഞ്ചായത്ത് - 3313 ടാപ്പ് കണക്ഷനുകൾ നൽകുന്നതിന് 929 ലക്ഷം രൂപഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) മണ്ഡലത്തിൽ ഭരണാനുമതിക്കായി സമർപ്പിച്ച ഇറിഗേഷൻ, മൈനർ ഇറിഗേഷൻ പദ്ധതികളുടെയും കുടിവെള്ള പദ്ധതികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

മഞ്ചേശ്വരം മണ്ഡലത്തിലെ സർക്കാരിന്റെ പരിഗണനയിലുള്ള ഇറിഗേഷൻ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 2* ആയി ചേർത്തിരിക്കുന്നു. 2021-22-ൽ ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലാണ്. 1. ജല ജീവൻ മിഷൻ - പുത്തിഗെ ഗ്രാമപഞ്ചായത്ത് - ടാപ്പ് കണക്ഷനുകളുടെ എണ്ണം - 4752, എസ്റ്റിമേറ്റ് തുക 4,529 ലക്ഷം രൂപ.

2. ജല ജീവൻ മിഷൻ - എൻമകജെ ഗ്രാമപഞ്ചായത്ത് - ടാപ്പ് കണക്ഷനുകളുടെ എണ്ണം - 1746, എസ്റ്റിമേറ്റ് തുക 754 ലക്ഷം രൂപ.

3. ജല ജീവൻ മിഷൻ - വോർക്കാടി ഗ്രാമപഞ്ചായത്ത് - ടാപ്പ് കണക്ഷനുകളുടെ എണ്ണം - 2120, എസ്റ്റിമേറ്റ് തുക 932 ലക്ഷം രൂപ.

4. ജല ജീവൻ മിഷൻ - മഞ്ചേശ്വരം ഗ്രാമപഞ്ചായത്ത് - ടാപ്പ് കണക്ഷനുകളുടെ എണ്ണം - 2586, എസ്റ്റിമേറ്റ് തുക 1,311 ലക്ഷം രൂപ.

5. ജല ജീവൻ മിഷൻ - കുമ്പള ഗ്രാമ പഞ്ചായത്ത് - ടാപ്പ് കണക്ഷനുകളുടെ എണ്ണം - 6340, എസ്റ്റിമേറ്റ് തുക 5,735 ലക്ഷം രൂപ.

6. ജല ജീവൻ മിഷൻ - മംഗൽപാടി ഗ്രാമപഞ്ചായത്ത് - ടാപ്പ് കണക്ഷനുകളുടെ എണ്ണം - 3581, എസ്റ്റിമേറ്റ് തുക 3,239 ലക്ഷം രൂപ.

ഹരിത കേരള മിഷന്റെ ജലസംരക്ഷണ പദ്ധതി

215(2251) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിത കേരള മിഷന്റെ ജല സംരക്ഷണ ഉപമിഷന്റെ ഭാഗമായി ജലവിഭവ വകുപ്പ് എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയത്; ആയതിലേയ്ക്ക് നാളിതുവരെയായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ?

ഹരിതകേരളം മിഷന്റെ ഉപമിഷനായ " ജലസമൃദ്ധി" പ്രവർത്തനങ്ങൾ സംയോജിത നീർത്തടാടിസ്ഥാനത്തിൽ നിർവ്വഹിക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയും ജനപങ്കാളിത്തത്തോടെയും ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി തലത്തിൽ സംയോജിത നീർത്തട പ്ലാനും ബ്ലോക്ക്പഞ്ചായത്ത് തലത്തിൽ സംയോജിത നീർത്തട മാസ്റ്റർ പ്ലാനും തയ്യാറാക്കുന്ന പ്രവർത്തനമാണ് പൂർത്തിയാക്കിയത്. റിഡ്ജ്-ടു-വാലി (നീർത്തടത്തിന്റെ മുകളിൽനിന്ന് താഴേയ്ക്ക്)

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.